ഈ 50000/94

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്
തിരുവനന്തപുരം. തീയതി 24.5.1995.

<u>സർക്കുലർ നംപർ 5/95</u>

വിഷയം: ജീവനക്കാരും - സ്ഥാനക്കയറ്റം നൽകി കഴിഞ്ഞാലും വിടുതൽ ചെയ്യാതിരിക്കുക - സമയ ബന്ധിത ഗ്രേഡ് വാങ്ങി സ്ഥാനകയറ്റം സ്വീകരക്കുന്നവരുടെ ഗ്രേഡ് പ്രമോഷൻ ആനുകൂല്യം തടയുന്നത് സംബന്ധിച്ച്.

വിവിധ തസ്തികകളിലെ ജീവനക്കാരെ സ്ഥാനകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പ്രസ്തുത ജീവനക്കാരെ ഉത്തരവ് കൈപ്പറ്റി (2) ദിവസത്തിനകം വിടുതൽ ചെയ്യണ്ണമെന്ന് പ്രത്യേകം നിര്ദ്ദേശം നൽകാറുണ്ടെങ്കിലം ഭുരിഭാഗം ഓഫീസ് മേധാവികളും ഈ നിർദ്ദേശം പാലിക്കാറില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സമയബന്ധിത ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നത് റഗുലർ പ്രമോഷൻ ലഭിക്കുമ്പോൾ സ്വീകരിക്കാമെന്ന വ്യവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ സ്ഥാനകയറ്റം നൽകി ഉത്തരവ് പുറപ്പെടിവിച്ച് കഴിഞ്ഞാലും ചെയ്യാതെയും പുതിയ സ്റ്റേഷനിൽ ഡ്യൂട്ടിക്ക് ചേരുന്നത് നിട്ടികൊണ്ടുപോകുന്നതുമായ പ്രവണത അനുവദനിയമല്ല.

മേൽ സാഹചര്യങ്ങളിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവായി 15 ദിവസത്തിനകം ജീവനക്കാരൻ വിടുതൽ വാങ്ങി പുതിയ സ്ഥലത്ത് ഡ്യൂട്ടിക്ക് ഹാജരാകുന്നില്ലെങ്കിൽ അന്നുമുതൽ ഗ്രേഡ് പ്രമോഷൻ മൂലമുള്ള വേതനാനുകൂല്യം പ്രസ്തുത ജീവനക്കാരന് നൽകുവാൻ പാടില്ല. റഗുലർ പ്രമോഷൻ ലഭിച്ചിട്ടും വിടുതൽ ചെയ്യാതെ പഴയ തസ്തികയിൽ തുടരുവാൻ അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസ് മേലധികാരിയിൽനിന്നും ജീവനക്കാരന് ഗ്രേഡ് പ്രമോഷൻ വഴി കൂടുതലായി നൽകുന്ന വേതനാനുകൂല്യം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഈ സർക്കുലർ നിർദ്ദേശം എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

(പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ)

<u>Endt. on E2. 4879/95 dt. 26.10.1995.</u>

Copy to E1 Section & A3.
Stock file.
A. A., S.S., J.S.,

(Sd) for Conservator of Forests

Approved for issue

SUPERINTENDENT